# സർവ്വെയും ഭൂരേഖയും വകുപ്പ് ഡയറക്ടറുടെ നടപടിക്രമം
## (ഹാജർ -സീറാം സാംബശിവ റാവു IAS)

**നം.ഇ DSLR/1801/2023/G6** **24-08-2023**

വിഷയം : സർവ്വെയുംഭൂരേഖയും വകുപ്പ് - ജീവനക്കാര്യം : ടെക്നിക്കൽ അസിസ്റ്റന്റ്തസ്തിക - പൊതു സ്ഥലം മാറ്റം 2023– അന്തിമ പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നത് സംബന്ധിച്ച്

(1) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 25/02/2017 ലെ സ.ഉ(പി) 3/2017 നം സ.ഉത്തരവ്

(2) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 05/04/2018 ലെ സ.ഉ(കൈ) 10/2018 നം സ.ഉത്തരവ്

(3) റവന്യൂ (ഇ) വകുപ്പിന്റെ 10/04/2023 ലെ 76/2023/RD നം സ.ഉത്തരവ്

(4)സർവ്വെ ഡയറക്ടറുടെ 12/04/2023 DSLR/1480/2023-A4 നമ്പർ സർക്കുലർ

(5) Esurvey.dslr.kerala.gov.in പോർട്ടലിൽ 29/04/2023വരെ ഓഫീസ് മേധാവിമാർ എൻട്രി വരുത്തിയിട്ടുള്ള ജീവനക്കാരുടെ സേവന വിവരങ്ങൾ.

(6) സർവ്വെ ഡയറക്ടറുടെ 15/05/2023തീയതിയിലെ DSLR/1801/2023-G6 നമ്പർ നടപടിക്രമം

(7) സർവ്വെ ഡയറക്ടറുടെ 06/06/2023തീയതിയിലെ DSLR/1801/2023-G6 നമ്പർ നടപടിക്രമം

(8) സർവ്വെ ഡയറക്ടറുടെ 05/08/2023തീയതിയിലെ DSLR/1801/2023-G6 നമ്പർ നടപടിക്രമം

സർവ്വെയും ഭൂരേഖയും വകുപ്പിൽ പൊതുസ്ഥലം മാറ്റം നടപ്പിലാക്കുന്നതിന്, വായന (1), (2) എന്നിവ അടിസ്ഥാനമാക്കി പൊതു സ്ഥലം മാറ്റങ്ങൾക്കുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് വായന (3) പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. മേൽ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം ജീവനക്കാരുടെ സേവന വിവരങ്ങൾ എൻട്രി വരുത്തുന്നതിന് ഓഫീസ് മേധാവിമാർക്ക് അവസരം നൽകിയിരുന്നു. ജീവനക്കാരുടെ സീനിയോരിറ്റി, അവധി വിവരം എന്നിവ ഓഫീസ് മേധാവികൾ പരിശോധിച്ച് നാളതീകരിച്ച് വായന (5) പ്രകാരം ലഭ്യമായിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിലെ ജീവനക്കാരുടെ 30/04/2023 തീയതി വരെയുള്ള സർവ്വീസ് കാലയളവ് കണക്കാക്കിയുള്ള സ്റ്റേഷൻ / ജില്ലാതല കരട് സീനിയോരിറ്റി പട്ടിക പ്രസിദ്ധീകരിച്ച് വായന(6) പ്രകാരം ഉത്തരവായിരുന്നു. ടി ലിസ്റ്റിനെ സംബന്ധിച്ച് ആക്ഷേപങ്ങൾ ഓൺലൈനായി സമർപ്പിക്കുന്നതിന് 5 ദിവസം സമയം അനുവദിച്ചിരുന്നു. അപ്രകാരം ലഭിച്ച എല്ലാ ആക്ഷേപങ്ങളും പരിശോധിച്ചിട്ടുള്ളതും ആയത് ഓൺലൈനായി തന്നെ തീർപ്പാക്കിയിട്ടുള്ളതും പരാമർശം (7) പ്രകാരം അന്തിമ സീനിയോരിറ്റി പട്ടിക പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. സ്വന്തം ജില്ലവിട്ട് അവസാനമായി സ്ഥലംമാറി പോയ തീയതിയാണ് സ്റ്റേഷൻ സീനിയോരിറ്റി കണക്കാക്കുന്നതിന് മാനദണ്ഡമാക്കിയിട്ടുള്ളത്. സ്റ്റേഷൻ സീനിയോരിറ്റി, കേഡർ സീനിയോരിറ്റി, ഹോം ജില്ല, സ്റ്റേഷനിലേയ്ക്കുള്ള ദൂരം, പ്രൊമോഷൻ ഉത്തരവിലെ ക്രമ നമ്പർ എന്നിവ അടിസ്ഥാനമാക്കി കരട് മുൻഗണന പട്ടിക പരാമർശം(8) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. ഈ കരട് സ്ഥലം മാറ്റ പട്ടികയിൽ മേൽ എന്തെങ്കിലും പരാതിയോ ആക്ഷേപമോ ഉള്ളപക്ഷം, ടി ഉത്തരവ് തീയതി മുതൽ 7 ദിവസത്തിനകം ആയത് ഓൺലൈൻ ആയി സമർപ്പിക്കുന്നതിന് അവസരം നൽകിയിരുന്നു.

ടെക്നിക്കൽ അസിസ്റ്റന്റ്തസ്തികയിൽ കരട് സ്ഥലം മാറ്റം പട്ടികയിൻമേൽ ആക്ഷേപങ്ങൾ ലഭിച്ചിട്ടില്ല.

മേൽ സാഹചര്യത്തിൽ സർവെയും ഭൂരേഖയും വകുപ്പിൽ ടെക്നിക്കൽ അസിസ്റ്റന്റ്തസ്തികയിൽ 2023 പൊതുസ്ഥലമാറ്റം അന്തിമപട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

| ക്രമ.നം | പേര്& പെൻ | നിലവിൽ ജോലി ചെയ്യുന്ന ജില്ല/ സ്റ്റേഷൻ | സ്ഥലം മാറ്റി നിയമിക്കുന്ന ജില്ല/ സ്റ്റേഷൻ | ട്രാൻസ്ഫർ തരം | അപേക്ഷയ്ക്ക് പരിഗണിച്ചിരിക്കുന്ന കാറ്റഗറി | ഓപ്ഷൻ ക്രമ നം |
|---|---|---|---|---|---|---|
| 1 | ജയപ്രകാശ് പി ടി(107501) | IDUKKI | KOTTAYAM | ഓപ്ഷൻ | ജനറൽ | 1 |
| 2 | ഷില കെ പി(123050) | THRISSUR | PALAKKAD | ഓപ്ഷൻ | ജനറൽ | 1 |
| 3 | ഉണ്ണികൃഷ്ണൻ സി പി(390335) | PALAKKAD | KOZHIKODE | ഓപ്ഷൻ | ജനറൽ | 2 |

സ്ഥലം മാറ്റം ലഭിച്ച മേൽ ജീവനക്കാരുടെ ലാവണ കാര്യാലയങ്ങൾ  നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവ് ഉടൻ പുറപ്പെടുവിക്കുന്നതാണ്

bottom

സർവ്വെ ഡയറക്ടർ

പകർപ്പ്

1. എല്ലാ RJD/DD/AD/SSLR മാർക്കും
2. ഡയറക്ടറുടെ സി.എ. അഡീണൽ ഡയറക്ടറുടെ സി.എ
3. ഡെപ്യൂട്ടി ഡയറക്ടർ-I, II, III/ അസിസ്റ്റന്റ് സെക്രട്ടറി
4. വ്യക്തികൾക്ക്
5. കരുതൽ ഫയൽ/ജി4
6. ഡെപ്യൂട്ടി കലക്ടർ, വിജിലൻസ് (ഉത്തര, ദക്ഷിണ, മദ്ധ്യമേഖല)
7. അസിസ്റ്റന്റ് കമ്മീഷണർ (ആർ ഇ) & (എസ് സി)
8. സൂപ്രണ്ട്, സെൻട്രൽ സ്റ്റാമ്പ് ഡിപ്പോ
9. നോഡൽ ഓഫീസർ, സ്റ്റേറ്റ് ഐടി സെൽ (വെബ്ബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
10. കരുതൽ ഫയൽ

Print Draft